# പ്രേമവും വിവാഹവും

**മുസ്ഥഫ ലുഥ്ഫീ മൻഫലൂഥി**
**വിവ: സുബൈർ. പി. റഹ്മാനി**(അസി. പ്രഫസർ, PSMO കോളജ്, തിരൂരങ്ങാടി)

ഒരിക്കൽ ഒരു മാഗസിനിൽ ഒരു കഥ വായിക്കാനിടയായി. അതിങ്ങനെയാണ്: കഥാകൃത്ത് തന്റെ നാട്ടിൽ നിന്നും കുറച്ച് കാലം മാറിനിന്നു. അതിനു ശേഷം തിരിച്ചു വന്നപ്പോൾ പ്രമുഖനും സൽസ്വഭാവിയും ഉന്നത മനസ്സിന്റെ ഉടമടയും ധനികനും എല്ലാമായ തന്റെ ഒരു സുഹൃത്തിനെ കാണാൻ പോയി . അപ്പോൾ അദ്ധേഹത്തെ മുമ്പൊന്നും ഇല്ലാത്ത വിധം ഖിന്നനായി കാണുകയുണ്ടായി. കഥാകൃത്ത് അദ്ധേഹത്തോട് കാര്യം ആരാഞ്ഞു. അയാൾ ഒരു യുവതിയെ വിവാഹം ചെയ്തിരുന്നു . അവളെ ഇഷ്ടപ്പെടുകയും തന്നെയും തന്റെ ധനവും അവൾക്കായി സമർപ്പിക്കുകയും ചെയ്തു. എന്നാൽ അതൊന്നും കൂട്ടാക്കാതെ അവൾ താഴ്ന്ന തറവാട്ടുകാരനും ചെറിയ നിലയിൽ കഴിയുകയും ചെയ്തിരുന്ന അവളുടെ ഒരു കാമുകന്റെ കൂടെ ഒളിച്ചോടിപ്പോയി.

അവൾ ഒളിച്ചോടിയ കാരണം അറിയാനായി കഥാകൃത്ത് അവളെ തേടിപ്പോയി . അവളെ കമിതാവിന്റെ വീട്ടിൽ വച്ച് കണ്ടുമുട്ടി. "താൻ തന്റെ ഭർത്താവിനെ ഇഷ്ടപ്പെടുന്നില്ലെന്നും തനിക്ക് 20 ഉം ഭർത്താവിനു 40 ഉം വയസ്സായി. ഇതിനാലാണ് താൻ ഒളിച്ചോടിയതെന്ന് അവൾ ബോധിപ്പിക്കുകയുണ്ടായി. "താൻ ചെയ്തത് മതനിയമങ്ങൾക്ക് എതിരാണെങ്കിലും പ്രകൃതി നിയമങ്ങൾക്ക് അനുകൂലമായിട്ടാണ്, കാരണം ഒന്നാമത്തേത് അനീതിപരവും രണ്ടാമത്തേത് നീതിയുക്തവുമാണ്”. അവൾ തുറന്നടിച്ചു.

"ആളുകൾ വ്യഭിചാരമെന്നും വഞ്ചനയെന്നും പറയുന്നത് സത്യത്തിൽ ശുദ്ധവും വിശ്വസ്തതയുള്ളതുമാണ്. ഇഷ്ടപ്പെടാത്തതും കൂടെ കഴിയാൻ താത്പര്യമില്ലാത്തതുമായ ഒരു ഭർത്താവിന്റെ കൂടെ കഴിയാൻ ഒരു പെണ്ണിനെ നിർബന്ധിക്കുകയാണെങ്കിൽ അതൊരു കുറ്റവുമല്ല ചതിയുമല്ല" - അവൾ തുടർന്നു. "മതങ്ങളുടെ രഹസ്യവും ലക്ഷ്യവും ആളുകൾ അറിയുന്ന പക്ഷം അവ ഇവ്വിഷയത്തിൽ പ്രകൃതി നിയമങ്ങളോട് യോചിക്കുന്നതായി അവർക്കറിയാൻ കഴിയും. അവൾ ഭര്ത്താവിനെ ഇഷ്ടപ്പെടാത്ത സ്ഥിതിക്ക് അയാളുടെ വീട്ടിൽ അവൾ വ്യഭിചാരിയും കാമുകന്റെ വീട്ടിൽ പരിശുദ്ധയായും ആയിട്ടാണ് കഴിഞ്ഞു കൂടുന്നതെന്ന് ഈ മതങ്ങൾ തന്നെ പരിഗണിച്ചേക്കാം". അവൾ വ്യക്തമാക്കി.

ഇതാണ് വിഷധമായ ആ കഥയുടെ ചുരുക്കം . എന്തെങ്കിലും ആദർശങ്ങളോ അഭിപ്രായങ്ങളോ പ്രചരിപ്പിക്കാനായി എഴുത്തുകാർ പടച്ചുണ്ടാക്കുന്ന നിർമ്മിത കഥയായിട്ടേ ഞാൻ ഇതിനെ കാണുന്നുള്ളൂ . കാരണം കഥാകൃത്ത് ആ സ്ത്രീയുടെ പ്രവർത്തനങ്ങളെ ന്യായീകരിക്കുകയും അവളുടെ വാദങ്ങളെയും അഭിപ്രായത്തെയും ശരിയായി കരുതുകയും ഭർത്താവ് അവളോട് അന്യായം ചെയ്തുവെന്ന് വിശ്വസിക്കുകയും അതിൽ തീർപ്പ നടത്തുകയും ചെയ്യുന്നുണ്ട്. ഈ കഥ സത്യമായാലും അല്ലെങ്കിലും യഥാർത്ഥ്യം ഞാൻ പറഞ്ഞുതരാം. ഇവിടെ കഥാകൃത്തിന് പിഴച്ചിരിക്കുകയാണ്. അന്യനെ പുണരാൻ പറ്റുമെന്ന വാദം ഇരുണ്ട കാലഘട്ടങ്ങൾ കഴിഞ്ഞതോടെ കാലഹരണപ്പെട്ടിരിക്കുന്നു . ഈ കഥ അറബി ഭാഷയിൽ അറബ് സമൂഹത്തിൽ പ്രചരിപ്പിക്കപ്പെട്ടുവെന്നതിൽ എനിക്ക് അതിയായ മനോവ്യഥയുണ്ട്.

rahmanee.com

വീഴ്ച വരുത്തിയ സ്ത്രീയെ സംരക്ഷിക്കാനായി എഴുത്തുകാർ എഴുതിയുണ്ടാക്കിയതൊക്കെ നാം വായിച്ചതാണ്. ഏതെങ്കിലും ചതിയിൽ പെട്ടിട്ടോ എന്തെങ്കിലും ആവശ്യം നേരിട്ടതിനാലോ ആയിരിക്കും അവൾ തന്റെ ജീവിതത്തിൽ വീഴ്ച വരുത്തിയത് എന്ന് അവർ പറഞ്ഞേക്കും . എന്നാൽ ഞാൻ ഇങ്ങനെ പറയാനാണ് ആഗ്രഹിക്കുന്നത്- സ്വാഭാവികമായും വലിയതായ ഒരു തെറ്റിനെ അവർ നിസ്സാരമാക്കുന്നതിലും അതിനു ഉള്ളതിനേക്കാളധികം സാധുത നൽകുന്നതിലും തെറ്റ് ചെയ്ത് റബ്ബോട് മാപ്പപേക്ഷിക്കുന്ന ഒരു സ്ത്രീയോട് അവർക്ക് ധാക്ഷിണ്യം തോന്നുന്നതിലും പന്തികേടില്ല. എന്നാൽ കുറ്റകൃത്യക്കാർക്കും പാപികൾക്കുമായി തുറന്നിടപ്പെട്ട ആകാശ വാതിലുകൾ അവൾക്കു നേരെ മനുഷ്യ സമൂഹം കൊട്ടിയടക്കുകയാണ് ചെയ്യുന്നത്.

വ്യഭിചാരം ചെയ്തവളെ വെള്ളപൂശാനും അവളുടെ പാപം നിസ്സാരവത്കരിക്കാനും പാകത്തിൽ ശിക്ഷാനിയമം എത്തിച്ചേർന്നിരിക്കുന്നു. ഏത് പ്രേരണ മുഖേനയാണെങ്കിലും പതിവ്രതയും സൽവ്രുത്തയുമായവളെ ഭർത്താവിനെതിരിൽ ആക്കാനും അനുസരിപ്പിക്കാതിരിക്കാനും ശ്രമം നടക്കുന്നു. ഇതു സഹിക്കാൻ പറ്റാത്തതും അസ്വീകാര്യവുമാണ്. കഥയിലെ നായികക്ക് മറ്റു സ്ത്രീകളെപോലെ തന്റെ കുറ്റത്തിൽ മാത്രമല്ല വീഴ്ച സംഭവിച്ചത്, അവൾ കുറെ കാലമായി തന്റെ കാമുകന്റെ വീട്ടിലാണ് താമസം. ശരീരത്തിൽ പ്രാണനുള്ളകാലം അങ്ങനെ കഴിയാനാണ് അവൾ തീരുമാനിച്ചുറച്ചത്. മനുഷ്യത്വപരമായ ഒരു കാമമല്ല അവളെ ഇതിനു പ്രേരിപ്പിച്ചത് . കാരണം മനുഷ്യന്റെ വികാരം ഇവളെപ്പോലോത്തവൾക്ക് ഇതുപോലെയൊക്കെ ചെയ്യാൻ പ്രേരിപ്പിക്കും എന്ന് ന്യായം പറയാറുണ്ട്. മറിച്ച് അവൾ തന്റെ ഭർത്താവിന്റെ കിടപ്പറവിട്ട് ഓടിപ്പോയത് അവളവിടെ ഏകാന്തതയുടെ കിരാതത്തം അനുഭവിച്ചതുകൊണ്ടല്ല , പട്ടിണി കൊണ്ടുമല്ല. അവൾ സുഖലോലുപതയിൽ കഴിഞ്ഞവൾ തന്നെയായിരുന്നു. അവൾ അനുഭവിച്ച സുഖസൗകര്യങ്ങൾ മറ്റൊരാൾക്കും ഇതുവരെയും ലഭിച്ചിട്ടില്ലാത്തതാണ്. അപ്പോൾ ഇവൾ ഒരു വീഴ്ച സംഭവിച്ച പെണ്ണിനു ലഭിക്കാവുന്ന കാരുണ്യത്തിൽ നിന്നുമുണ്ടാകുന്ന നീതി ലഭിക്കാനർഹതപ്പെടാത്ത കുറ്റവാളിയാണ്. കഥാകൃത്ത് പറയുന്നപോലെ ഇവൾ പരിശുദ്ധയും പതിവ്രതയുമാണെങ്കിൽ ഫസാദ് എന്ന പദത്തിനു അർത്ഥം നൽകിയ സകല ഭാഷാ പണ്ഡിതൻമാർക്കും അമളി പറ്റിയിരിക്കുന്നു. കാരണം ആ പദത്തിനു കാണിച്ചു കോടുക്കാൻ ഇവിടെ ഒന്നുമുണ്ടാകില്ല. ഇവിടെ എന്നാൽ നന്മയുടേയും പതിവ്രതയുടേയും ലോകം എന്നാണ് ഉദ്ദേശിക്കുന്നത്. അതുപോലെ തന്നെ ആ വാക്കു കൊണ്ടു വേശ്യപ്പെണ്ണ് എന്നും അർത്ഥം ഉദ്ദേശിക്കാൻ പറ്റില്ല, കാരണം ഒരു വേശ്യക്ക് പിന്നിൽ പ്രയാസം അനുഭവിക്കുന്ന പീഡിതനായ ഒരു ഭർത്താവിനെ കാണുകയോ താൻ എത്തിപ്പെട്ട ജീവിതത്തെ കഥാ നായിക ഇഷ്ടപ്പെടുന്നതു പോലെ ഇഷ്ടപ്പെടുകയോ ഇല്ല . ചിലരൊഴികെ എല്ലാ ഭർത്താക്കൻമാരും ആ ഭർത്താവിനെ പോലെയായിരിക്കും . ഒന്നാമത്തെ ഭർത്താവിനോടുള്ള സഹവാസം മടുക്കുകയും രണ്ടാമന്റെ മുഖത്ത് നിന്ന് ഇണക്കത്തിന്റെ ലാഞ്ചന ലഭിക്കുകയും ചെയ്താൽ ഒരു ഭാര്യക്ക് തന്റെ കാമുകന്റെ അടുക്കലേക്ക് ഒളിച്ചോടാമെന്ന് വരികയാണെങ്കിൽ പിന്നെ സ്ത്രീകളെ കൊണ്ട് മുഴവൻ പുരുഷന്മാർക്കും നാശം വന്നതു തന്നെ . കുടുംബ ഭദ്രത, ഭാര്യ ഭർതൃ ബന്ധം തുടങ്ങിയവയൊക്കെ പാടെ വിടപറയുന്നതായിരിക്കും.

ഹേ.. എഴുത്തുകാരാ...!, തന്റെ ഭർത്താവിനേക്കാൾ പ്രായം കുറഞ്ഞതും അയാളേക്കാൾ ഭംഗിയുള്ളതും അയാളേക്കാൾ യൗവ്വനം തുടിക്കുന്നതുമായ ആളുകളുണ്ട് എന്ന് ഒരു ഭാര്യക്ക് തോന്നിയാൽ തന്നോടുള്ള ബന്ധം അവൾ ഉപേക്ഷിക്കുമെന്ന് ഒരു പുരുഷൻ ഭയപ്പെട്ടുവെങ്കിൽ നാൽപത് വയസ്സ് തികയാതിരിക്കാൻ, ഗോളങ്ങളുടെ ചംക്രമണം തടയാനോ രാപകലുകളുടെ പ്രവാഹം തടയാനോ എനിക്കോ നിങ്ങൾക്കോ മറ്റാർക്കെങ്കിലുമോ സാധ്യമല്ല.

മടുപ്പ്, മുഷിപ്പ് എന്നിവ ആവർത്തിച്ചുണ്ടാകുന്ന മനുഷ്യ പ്രകൃതങ്ങളാണ്. ഒരു ഭക്ഷണം, ഒരു വസ്ത്രം, ഒരു ഇണ, എന്നിവ കൊണ്ട് മാത്രം അവന് ക്ഷമിച്ചു നിൽകാൻ കഴിയില്ല. മനുഷ്യന്റെ ഈ കാര്യം അല്ലാഹുവിന് അറിയുന്നതാണ്. ഇണക്കം നീണ്ടു നിൽകുകയും ബന്ധം നിത്യമാവുകയും ചെയ്യുന്ന സ്ത്രീ പുരുഷന്മാർ ഉണ്ടെങ്കിലേ ഒരു കുടുംബ വ്യവസ്ഥ പൂർണ്ണമാവുകയുള്ളൂവെന്ന് അല്ലാഹുവിനു ബോധ്യമുള്ളതാണ്. ചാഞ്ചാടുന്ന പ്രേമ നിയമങ്ങളെ തകർക്കാനായി ഉറച്ച ദാമ്പത്യ നിയമങ്ങളെ അവൻ സൃഷ്ടിച്ചത് ഇതിനായിരുന്നു . അപൂർവ്വമായതിനോട് ആഗ്രഹവും പുതിയതിനോട് ആകർഷകത്വവും ജനിപ്പിക്കുന്ന മനുഷ്യന്റെ ഭക്ഷണ രിതി പോലെ ദാമ്പത്യത്തെ കാണാതിരിക്കാനാണ് അവൻ ഭാര്യാ ഭർത്താക്കന്മാരോട് ദാമ്പത്യത്തെ പരിപാവനമായി കണക്കാക്കാൻ കല്പിച്ചതും.

ഇതാണ് വിവാഹത്തിന്റെ രഹസ്യവും യുക്തിയും . ദാമ്പത്യത്തിനു പകരം പ്രേമത്തെ കുടുംബത്തിന്റെ അടിത്തറയായി കാണുകയാണെങ്കിൽ അവൻ അല്ലാഹുവിന്റെ ഉദ്ദേശ്യത്തെ ധിക്കരിച്ചവനും അല്ലാഹു പണിതുവച്ചതിനെ തകർത്ത് കുടുംബ സൗഭാഗ്യത്തെ തകർക്കാൻ ശ്രമിച്ചവനുമാണ്.

അതി സുന്ദരനായ ഒരു പുരുഷനുമായി വിവാഹം നടത്തിയ ഏത് സ്ത്രീയാണ് അവനെക്കാൾ സുന്ദരനായ ഒരാളെ കിട്ടാൻ കൊതിക്കാതിരിക്കുക?. അതിഭംഗിയുള്ള ഒരുവളെ വിവാഹം കഴിച്ച ഏത് പുരുഷനാണ് അവളേക്കാൾ ഭംഗിയുള്ളവൾ തന്റെ വീട്ടിൽ ഉണ്ടാവാൻ കൊതിക്കാതിരിക്കുക ? അതിനു അവരെ തടസ്സപ്പെടുത്തുന്നത് ഈ പവിത്രമായ കൂട്ടികെട്ടലാണ് - അതായത് ദാമ്പത്യ ബന്ധം. ഇത്തരം മോഹങ്ങളേയും ഭാവനകളേയും ചികിത്സിക്കുന്നത് ഈ ബന്ധമാണ്. ഈ ബന്ധം തന്നെയാണ് തിളങ്ങിമറിയുന്ന മനസ്സുകൾക്ക് അതിന്റെ ശാന്തതയും സ്ഥിരതയും തിരിച്ചു നല്കുന്നത്. വിവാഹം കഴിക്കുന്നതിനു മുമ്പ് താൻ വിവാഹം കഴിക്കുന്നവൾക്ക് തന്റെ മുമ്പിലുള്ള കാമുകിയുടെ ഗുണഗണങ്ങൾ ഉണ്ടാവണമെന്ന് ശാഠ്യം പിടിക്കുന്നതിൽ തെറ്റില്ല. ഇതേ പ്രകാരം ഒരു സ്ത്രീ നിർബന്ധം പിടിക്കുന്നതും തെറ്റല്ല. പക്ഷേ, അതിനർത്ഥം വൈകാരിക സ്നേഹമാണ് വിവാഹത്തിന്റെ അടിസ്ഥാനമെന്നും അതിനായി ജീവിക്കുകയും മരിക്കുകയും ചെയ്യുന്നു എന്നതുമല്ല. ഹൃദയങ്ങൾ ഉറച്ച് നിൽകില്ല, പ്രേമം ചാഞ്ചാടിക്കൊണ്ടിരിക്കും. മറിച്ച് രണ്ട് പേരും തന്റെ ഇണക്ക് കമിതാവ് എന്നതിനേക്കാൾ ഒരു സുഹൃത്തായി ഭവിക്കണം എന്നാണ് മനസ്സിലാക്കേണ്ടത് . സൗഹൃദം സ്നേഹം കൊണ്ട് വളർത്താവുന്നതും നീണ്ട നിഴൽ ലഭിക്കുന്നതുമായ ഒരു ചെടിയാണ് . എന്നാൽ പ്രേമം നീങ്ങികൊണ്ടിരിക്കുന്ന നിഴലും മാറിപ്പോവുന്ന അവസ്ഥയുമാണ്.

rahmanee.com